## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3418

14.03.2017-ൽ മറുപടിക്ക്

### സ്റ്റേറ്റ് സർവ്വീസിലെയും സബോർഡിനേറ്റ് സർവ്വീസിലെയും നിയമനം

| ചോദ്യം<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്റ്റേറ്റ് സർവ്വീസിലും, സബോർഡിനേറ്റ് സർവ്വീസിലും വിവിധ തസ്തികകളിൽ തുടർച്ചയായി ദിവസ വേതനാടിസ്ഥാനത്തിൽ നടത്തിവരുന്ന നിയമനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; | (എ)<br>(ബി)<br>(സി)<br>(ഡി)<br>&<br>(ഇ) | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | ചുരുങ്ങിയ കാലത്തേയ്ക്ക് മാത്രം അടിയന്തിര ആവശ്യത്തിലേയ്ക്കായി നിയമിക്കാവുന്ന അവസരം മറയാക്കിയാണ് മാനദണ്ഡങ്ങൾ പാലിക്കാതെ വർഷങ്ങളായി നിയമനവും പുനർനിയമനവും നടത്തുന്നതെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത തസ്തികകളിലേയ്ക്ക് യോഗ്യത നേടിയിട്ടുള്ള പതിനായിരങ്ങൾ പുറത്തു നിൽക്കുകയും പല തസ്തികകളിലും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്ത് കാൽനൂറ്റാണ്ടിലധികമായി അവസരം കാത്തിരിക്കുന്നവർ നിലനിൽക്കുമ്പോഴും അവരെ മറികടന്ന് താൽക്കാലിക നിയമനങ്ങൾ നടത്തുന്നത് ഗൗരവമായിക്കാണുമോ; | | |

| | | | |
|---|---|---|---|
| (ഡി) | മാനദണ്ഡങ്ങൾ പാലിക്കാതെ നിയമനവും, പുനർനിയമനവും നേടുന്നവരെ സ്ഥിര പ്പെടുത്തണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; | | വിവരം ശേഖരിച്ചുവരുന്നു. |
| (ഇ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കളിൽ പേരു രജിസ്റ്റർ ചെയ്ത് കാലാകാലങ്ങളിൽ രജിസ്ട്രേഷൻ പുതുക്കി തൊഴിലവസരം പ്രതീക്ഷിച്ചിരിക്കുകയും, പതിറ്റാണ്ടുകൾക്ക് ശേഷം പ്രായപരിധി കഴിഞ്ഞ് രജിസ്ട്രേഷൻ ക്യാൻസലായി നിരാശരായിത്തീരുന്നവരുടെയും അവസ്ഥ അനുഭാവപൂർവ്വം പരിഗണിക്കുമോ; സർക്കാർ സർവ്വീസുകളിൽ ആറുമാസത്തിലധികം ദിവസവേതനാടിസ്ഥാനത്തിൽ തുടർന്നുവരുന്ന എല്ലാ നിയമനങ്ങളും റദ്ദു ചെയ്ത്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി വ്യവസ്ഥാപിത മാർഗ്ഗ ത്തിലൂടെ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**